Draft #2 of File 41342/AC A9-1/2021/VC SECTION Approved by ASSISTANT REGISTRAR III (ACADEMIC) on 01-Mar-2021 01:31 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

PGCSS 2019 - കഥകളി സംഗീതം MA പ്രോഗ്രാമിനുള്ള പ്രവേശന യോഗ്യത - കഥകളി സംഗീതം BA പ്രോഗ്രാമിന് 45% മാർക്ക് ആയി നിജപ്പെടുത്തുന്നതിനുള്ള ശിപാർശ അംഗീകരിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 1262/AC A 9/2021/എം.ജി.യു                പ്രിയദർശിനി ഹിൽസ്,തീയതി: 01.03.2021

*പരാമർശം:*-1) പെർഫോർമിംഗ് ആർട്സ് പിജി പ്രോഗ്രാമുകളുടെ വിദഗ്ദസമിതിയുടെ 21.02.2021 തീയതിയിലെ യോഗത്തിന്റെ മിനിറ്റ്സ്

2) മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ് 1985, അധ്യായം 3 വകുപ്പ് 10(17) പ്രകാരം 27.02.2021 തീയതിയിൽ വൈസ് ചാൻസലർ നല്കിയ ഉത്തരവ്

**ഉത്തരവ്**

RLV College of Fine Arts-ൽ MA കഥകളിസംഗീതം പ്രോഗ്രാമിന് ചേരുന്നതിനുള്ള പ്രവേശനയോഗ്യത BA കഥകളി സംഗീതത്തിന് 50% മാർക്ക് ആണ്. എന്നാൽ നിലവിൽ MA കഥകളിസംഗീതത്തിന് അപേക്ഷകർ ഇല്ലാത്തത് കൊണ്ട് പ്രവേശന യോഗ്യതയിൽ ഇളവ് വരുത്തണമെന്ന് RLV College പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചു.

ടി. അപേക്ഷ പരിഗണിച്ച വൈസ് ചാൻസലർ വിദഗ്ധ സമിതിയുടെ യോഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് വിദഗ്ദസമിതി (PG Performing Arts Expert Committee) യുടെ online meeting 21.02.2021ൽ കൂടി. MA കഥകളി സംഗീതത്തിൻറെ പ്രവേശനയോഗ്യതയായ BA കഥകളി സംഗീതത്തിന് 50% മാർക്ക് എന്നത് ടി. വിഷയത്തിൽ 45% മാർക്ക് ആയി പുനർനിർണ്ണയിക്കണം എന്ന് സൂചന (1) മിനിറ്റ്സ് പ്രകാരം ശിപാർശ സമർപ്പിച്ചു.

മഹാത്മാഗാന്ധി സർവകലാശാലാ ആക്റ്റ് 1985, അധ്യായം 3 വകുപ്പ് 10(17) നല്കുന്ന പ്രത്യേക അധികാരം ഉപയോഗിച്ച് ടി ശിപാർശ സൂചന (2) പ്രകാരം വൈസ് ചാൻസലർ 27.02.2021 തീയതിയിൽ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

പകർപ്പ്

1) വി സി /പി വി സി എന്നിവരുടെ പി എസ്
2) രജിസ്ട്രാർ/പരീക്ഷാ കണ്ട്രോളർ എന്നിവരുടെ പി എ
3) പ്രിൻസിപ്പാൾ, RLV College
4) ജെ ആർ II/ഡി ആർ II/എ ആർ III (അക്കാദമിക്)
5) ജെ ആർ I/ഡി ആർ IV/എ ആർ VIII/XIV/XV/XIX (പരീക്ഷ), EH-13
6) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ ക്യു എ സി/ എ സി സി
7) സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

File no: 41342/AC A9-1/2021/VC SECTION